LIBRARY ARCHIVES Kerala Legislative Assembly

**പാലക്കാട് ജില്ലയിൽ സാക്ഷരതാ ശതമാനം വർദ്ധിപ്പിക്കുന്നതിനായി നടപടികൾ**

**47 (2050)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ സാക്ഷരതാ ശതമാനം ഉള്ള ജില്ലകളിൽ ഒന്നാണ് പാലക്കാട് ജില്ല എന്ന കാര്യം ശ്രദ്ധയിലുണ്ടോ ; എങ്കിൽ സാക്ഷരതാ ശതമാനം വർദ്ധിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ ;

(ബി) സാക്ഷരതാ ശതമാനം വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പ്രത്യേക പാക്കേജ് ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിൽ സാക്ഷരതാ ശതമാനത്തിന്റെ കണക്ക് ലഭ്യമാക്കുമോ ; സാക്ഷരതാ ശതമാനം വർദ്ധിപ്പിക്കുന്നതിനായി ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ ബന്ധപ്പെടുത്തി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്ന് പരിശോധിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1998-ൽ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിച്ചതുമുതൽ തുടർവിദ്യാകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന വാർഡുകളിലെ നിരക്ഷരരെ പൂർണ്ണമായി സാക്ഷരരാക്കി. പ്രത്യേകിച്ച് ആദിവാസി മേഖലകളിൽ ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് അക്ഷരജ്യോതി, ഊർജ്ജിത സാക്ഷരത എന്നീ പദ്ധതികൾ നടപ്പിലാക്കി പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ അഹാഡ്സുമായി ചേർന്ന് നിരക്ഷരരെ സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്. ആജീവന വിദ്യാഭ്യാസത്തിനുള്ള ലീപ് കേരളമിഷന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് പരിപൂർണ്ണ സാക്ഷരത കൈവരിക്കലാണ്.

(സി) അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള സാക്ഷരതാ ശതമാനത്തിന്റെ കണക്ക് ലഭ്യമല്ല.

**സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഗ്രേഡുകൾ നേടുന്നവർക്ക് നൽകുന്ന ഗ്രേസ് മാർക്ക്**

**48 (2051)** ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ്, മറ്റു ഗ്രേഡുകൾ എന്നിവ നേടുന്നവർക്ക് നൽകുന്ന ഗ്രേസ് മാർക്ക് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;